(ബി) 1-10-1998 മുതലാണ് ഈ ഒഴിവുകൾ ഉണ്ടായത് ;

(സി & ഡി) 1993 മുതൽ നടത്തിയ താൽക്കാലിക പ്രൊമോഷനുകൾ സെലക്ട് ലിസ്റ്റ് തയ്യാറാക്കി റഗുലറൈസ് ചെയ്യേണ്ടതിനാലും അപ്രകാരം സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കുന്നത് മുൻ റേഞ്ചുകളിലെ സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കിയതിനുശേഷം മാത്രമേ സാധ്യമാകൂ എന്നതിനാലുമാണ് കാലതാമസം ഉണ്ടാകുന്നത്.

(ഇ) ഒഴിവുകൾ നികത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ അറസ്റ്റു ചെയ്യുവാനുള്ള പ്രതികൾ

89 (3279) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-8-1999-ന് പേരാംപ്ര പോലീസ് സ്റ്റേഷനിൽ 183/ഡി.ഡി. 304(ബി) ഐ.പി.സി വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ പ്രതികൾ ആരെല്ലാമാണ് ;

(ബി) പ്രസ്തുത കേസിലെ പ്രതികളെ എന്തു കൊണ്ടാണ് അറസ്റ്റ് ചെയ്യാൻ കഴിയാത്തത് ;

(സി) പ്രതികൾ കേരളത്തിൽ നിന്നും കടന്നതായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കമാൽ എസ്/ഒ. ഇസ്സിലിമൊയ്തി, കരിവണ്ണൂർ.

(ബി & സി) 23-2-2000-ൽ പ്രതി കോടതി മുൻപാകെ കീഴടങ്ങിയിട്ടുണ്ട്.

പോലീസ് സേനയിലെ പ്രമോഷൻ

90 (3280) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സബ് ഇൻസ്പെക്ടർ മുതൽ സൂപ്രണ്ട് വരെയുള്ളവർക്ക് പ്രമോഷൻ നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രമോഷൻ നൽകാൻ നിലവിലുള്ള വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) മുൻകാലത്ത് ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി കൂടാറില്ലായിരുന്നുവെന്നും അതുകാരണം അർഹരായ അനവധിപേർക്ക് നിയമാനുസൃത പ്രമോഷൻ ലഭിച്ചിട്ടില്ലെന്നുമുള്ള പരാതി പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻകാല പ്രാബല്യത്തോടുകൂടി പ്രമോഷൻ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; എങ്കിൽ പ്രസ്തുത ആനുകൂല്യം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർക്കുകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കിൾ ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് നിലവിലുള്ളതിനാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രമോഷൻ നൽകുന്നതാണ്. സൂപ്രണ്ടായി പ്രമോഷൻ ലഭിക്കേണ്ടവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇൻസ്പെക്ടർ മുതൽ സൂപ്രണ്ട് വരെയുള്ള പോസ്റ്റുകൾ സെലക്ഷൻ പോസ്റ്റുകളായതിനാൽ ഡിപ്പാർട്ടമെന്റൽ പ്രമോഷൻ കമ്മിറ്റി കൂടി യോഗ്യതയും കഴിവും ഉള്ളവരുടെ സെലക്ട് ലിസ്റ്റ് സീനിയോറിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കി അതിൽ നിന്നുമാണ് പ്രമോഷൻ നൽകുന്നത്.

(സി) 12-6-1998 ലെ സർക്കാർ സർക്കുലർ നമ്പർ 19305/ റൂൾസ് 1/96/ പി ആന്റ് എ.ആർ.ഡി അനുസരിച്ച് 30-9-1998 ന് മുമ്പ് നൽകിയിട്ടുള്ള എല്ലാ താൽക്കാലിക പ്രമോഷനുകളും ഡി.പി.സി കൂടി സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കി റഗുലറൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കി താൽക്കാലിക പ്രമോഷൻ ലഭിച്ചവരെ റഗുലറൈസ് ചെയ്യുമ്പോൾ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാർ അർഹരാണെങ്കിൽ അവരുടെ പേരുകളും സെലക്ട് ലിസ്റ്റിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തുകയും അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യാറുണ്ട്.

കുറ്റവാളികളെ സാക്ഷികളാക്കുന്ന നടപടി

91 (3281) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല പോലീസ് സ്റ്റേഷനുകളിലും കുറ്റവാളികളെ സാക്ഷികളാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം കേസ്സുകളിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കോടതി നടപടികൾ വേഗം പൂർത്തിയാക്കാൻ കോടതികളിലും പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly